(ഡി) സ്ക്രീനിംഗ് പാസ്സായി ഉദ്യോഗത്തിലുള്ളവർക്ക് ക്ലാസ് ൦ കെ.വരെയുള്ള ശമ്പളത്തിൽ ഉയരാമെന്ന വ്യവസ്ഥയില്ലേ ; ഉണ്ടെങ്കിൽ ആ വ്യവസ്ഥ സ്ക്രീനിംഗ് പാസ്സായിട്ടുള്ള സാനിറ്ററി ഇൻസ്പെക്ടർമാരുടെ കാര്യത്തിലും ബാധകമാകുമോ ?

മിസ്റ്റർ പറമ്പിലോനപ്പൻ:

(എ) അല്ല. പബ്ലിക് ഹെൽത്ത് വകുപ്പിൽ ഡിവിഷൻ സാനിറ്ററി ഇൻസ്പെക്ടർമാർക്ക് ൩൦—൬൦ കെ.യും കൊതുകനിവാരണപദ്ധതിയിൽ എറണാകുളത്തും മട്ടാഞ്ചേരിയിലും നിയമിച്ചിട്ടുള്ള രണ്ടു സാനിറ്ററി ഇൻസ്പെക്ടർമാർക്ക് ൪൦ കെ.യുമാണ് ശമ്പളം. മുനിസിപ്പാലിറ്റികളിൽ ൫൪—൪൦, ൫൦—൪൦, ൪൦—൩൦, ൪൫—൫൦ ൫൦—൬൦ എന്നീ ശമ്പളത്തോതുകളാണുള്ളത്.

(ബി) ശമ്പളത്തോത് ഒന്നല്ലാത്തതിനാൽ ഉത്തരം ആവശ്യമില്ല.

(സി) ഉണ്ട്.

(ഡി) ഇരുപതു കൊല്ലത്തെ ശരിയായ സർവ്വീസുള്ള സ്ക്രീനിംഗ് പാസ്സായ ചീഫ് മിനിസ്റ്റീരിയൽ ഓഫീസർ ഒഴികെ ക്ലാസ് ൦ കെ. വരെ ഉയരാമെന്ന വ്യവസ്ഥയുണ്ട്. സാനിറ്ററി ഇൻസ്പെക്ടർമാർക്ക് പ്രത്യേകശമ്പളത്തോതുള്ളതിനാൽ അവരുടെ കാര്യത്തിൽ ഇതു ബാധകമല്ല.

## PLAGUE—SUSPECTED CASE OF JEWS STREET

345 മിസ്റ്റർ ജി. എസ്സ്. ധാരാസിങ്ങ്:

താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ —

(എ) പ്ലേഗ് രോഗമാണെന്നു സംശയിച്ച് ജൂതഭാഗത്തുള്ള ഒരു ഹോട്ടലിൽ നിന്നും ഒരാളെ ഐസൊലേഷൻ കാമ്പിലേക്ക് കൊണ്ടുപോവുകയുണ്ടായോ;

(ബി) പ്ലേഗാണെന്ന സംശയിക്കപ്പെട്ട ആളുടെ രക്തം പരിശോധനയ്ക്കായി എറണാകുളം ലാബോറട്ടറിയിലേയ്ക്കു കൊടുത്തയച്ചിരുന്നുവോ;

(സി) ഉണ്ടെങ്കിൽ അവിടെനിന്നും ലഭിച്ച റിപ്പോർട്ട് എന്താണ്;

(ഡി) പിന്നീടു ഈ രോഗിയുടെ രക്തം തന്നെ മദ്രാസിലേക്കയച്ചപ്പോൾ അവിടെനിന്നും കിട്ടിയ റിപ്പോർട്ട് എന്താണ്;

(ഇ) രണ്ടു റിപ്പോർട്ടുകളും തമ്മിൽ വ്യത്യാസമുണ്ടോ; ഉണ്ടെങ്കിൽ അങ്ങിനെ വരുവാനുള്ള കാരണമെന്താണ്;

(എഫ്) എറണാകുളം റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പ്ലേഗ് നിവാരണ മരുന്നുകൾ വാങ്ങുവാൻ മുനിസിപ്പാലിറ്റിയിൽ നിന്നും വല്ല പണവും ചിലവാക്കീട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ജി) പ്ലേഗ് വാക്സിൻ എത്രകാലംവരെ കേടുവരാതിരിക്കും ?

മിസ്റ്റർ പറമ്പിലോനപ്പൻ:

(എ) ഇല്ല. ജൂതഭാഗത്തുള്ള ഒരു ഹോട്ടലിലെ വേലക്കാരനെ വൈദ്യസഹായത്തിനായി മഹാരാജാസ് ആസ്പത്രിയിൽ കൊണ്ടുവന്നിരുന്നു. രോഗം പ്ലേഗാണെന്ന സംശയമുണ്ടായതിനാൽ രോഗിയുടെ രക്തം എറണാകുളം ജനറൽ ആസ്പത്രിയിൽ പരിശോധനക്കയക്കുകയും പരിശോധനാഫലമായി രോഗം പ്ലേഗ് തന്നെയാണെന്ന റിപ്പോർട്ട് കിട്ടുകയും ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി രോഗിയെ ഐസൊലേഷൻ ഷെഡ്ഡിലേയ്ക്കു മാറ്റുകയും ചെയ്തു.

(ബി) ഉവ്വ്.

(സി) പ്ലേഗ് അണുക്കൾ രോഗിയുടെ രക്തത്തിൽ ഉണ്ടെന്നായിരുന്നു റിപ്പോർട്ട്.

(ഡി) പരിശോധനയിൽ പ്ലേഗ് അണുക്കൾ കണ്ടു കിട്ടിയിട്ടില്ലെന്നാണ്.

(ഇ) ഉണ്ട്; എല്ലാ Slide കളിലും പ്ലേഗ് അണുക്കൾ കാണണമെന്നില്ല. ഒരു Slide-ൽ കണ്ടു എന്നും മറെറന്നിൽ കണ്ടില്ല എന്നും വരാവുന്നതാണ്.

(എഫ്) ഉണ്ട്. ബില്ലുകൾ എല്ലാം കിട്ടീട്ടില്ലാത്തതുകൊണ്ട് ചിലവായ സംഖ്യ കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

(ജി) ഓരോ കമ്പനിക്കാരും ഉണ്ടാക്കുന്ന വാക്സിൻ കേടുവരാതിരിക്കുന്ന കാലം വ്യത്യാസപ്പെട്ടിരിക്കും. അവ സൂക്ഷിക്കുന്ന ക്രമത്തേയും ആശ്രയിച്ചിരിക്കും. സാധാരണയായി പ്ലേഗ് വാക്സിൻ ശരിയായി സൂക്ഷിക്കുന്നപക്ഷം മൂന്നു കൊല്ലത്തോളം കേടുവരാതിരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly